17/09/17 ഓം ശാന്തി അവ്യക്തബാപ്ദാദാ മധുബന് 09/01/83

ദ

വ്യര് ത്ഥം ത്യജിച്ച് സമര് ത്ഥസങ്കല്പങ്ങള് രചിക്കൂ

ഇന്ന് ബാപ്ദാദ തന്റെ വളരെക്കാലത്തിന് ശേഷം വീണ്ടുകിട്ടിയ കുട്ടികളുമായി മിലനമാഘോഷിക്കാന് വിശേഷമായി വന്നരിക്കുകയാണ്. ഡബിള് വിദേശികളായ കുട്ടികള് സദാ മിലനമാഘോഷിക്കാനുള്ള കാത്തിരിപ്പിലാണ് കഴിയുന്നത്. അതിനാല് ഇന്ന് ബാപ്ദാദ ഡബിള് വിദേശികളായ കുട്ടികളോട് ഓരോരോ വിശേഷതകളുടെ കാര്യം സംസാരിക്കാന് വന്നിരിക്കുകയാണ്. ഓരോരോ സ്ഥാനത്തിനും അവരവരുടേതായ വിശേഷതകളുണ്ട്. ചിലയിടത്ത് എണ്ണം കൂടുതലാണ്, ചിലയിടത്ത് എണ്ണം കുറവാണെങ്കിലും അമൂല്യമായ രത്നങ്ങള്, വിശേഷ രത്നങ്ങള് പെറുക്കിയെടുക്കപ്പെട്ട കുറച്ചു പേരായിട്ടും തന്റെ വളരെ നല്ല പാര്ട്ട് അഭിനയിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള കുട്ടികളുടെ ഉണര്വ്വും ഉത്സാഹവും കണ്ട്, കുട്ടികളുടെ സേവനം കണ്ട് ബാപ്ദാദ ആനന്ദിക്കുകയാണ്. വിശേഷരൂപത്തില് വിദേശത്തെ നാനാഭാഗത്തുള്ള കോണുകളിലും ബാബയെ പ്രത്യക്ഷമാക്കാനുള്ള പ്ലാന് പ്രാക്ടിക്കലാക്കുന്നതില് നല്ല സഫലത നേടിക്കൊണ്ടിരിക്കുകയാണ്. സകല ധര്മ്മത്തില് പെട്ട ആത്മാക്കളേയും ബാബയുമായി മിലനം ചെയ്യിക്കാനുള്ള പ്രയത്നം നന്നായി ചെയ്തു കൊണ്ടിരിക്കുകയാണ്. സേവനത്തിന്റെ നല്ല ലഹരിയുണ്ട്. തന്റെ അലയുന്ന ആത്മാവിന് ആശ്രയം ലഭിച്ച അനുഭവിയായതു കാരണം മറ്റുള്ളവരെ പ്രതിയും ദയവുണ്ടാകുന്നുണ്ട്. ദുരെ-ദൂരെ നിന്ന് ആരെല്ലാമാണോ വന്നിരിക്കുന്നത് അവര്ക്കെല്ലാം ഒരേ ഉത്സാഹമാണ്, പോകണം, എന്നിട്ട് മറ്റ് ആത്മാക്കളെയും കൂടി കൂട്ടികൊണ്ടു വരണം. ഈ ദൃഢസങ്കല്പം എല്ലാ കുട്ടികളെയും ദൂരെയായിട്ടും സമീപതയുടെ അനുഭവം ചെയ്യിപ്പിക്കുന്നു, അതിനാല് സദാ സ്വയത്തെ ബാപ്ദാദയുടെ സമ്പത്തിന് അധികാരിയായ ആത്മാവാണെന്ന് മനസ്സിലാക്കി നടന്നു കൊണ്ടിരിക്കുന്നു.

ഒരിക്കലും ഒരു വ്യര്ത്ഥ സങ്കല്പത്തിന്റെ ആധാരത്തില് സ്വയത്തെ ചാഞ്ചാട്ടത്തിലേയ്ക്ക് കൊണ്ടു വരാതിരിക്കൂ. കല്പ-കല്പങ്ങളിലെ പാത്രമാണ്. ശരി- ഇന്ന് പാര്ട്ടികളുമായി മിലനം ചെയ്യണം. ആദ്യനമ്പറില് മിലനത്തിനുള്ള അവസരം അമേരിക്കയിലെ പാര്ട്ടിക്കാണ്. അപ്പോള് അമേരിക്കയിലെ എല്ലാവരും ചേര്ന്ന് സേവനത്തില് ഏറ്റവും നമ്പര് വണ് അതിശയം കാണിക്കുമല്ലോ. ഇപ്പോള് കോണ്ഫറന്സില് ഏറ്റവും വലുതിലും വലിയ വി.ഐ.പി. യെ ആരു കൊണ്ടു വരുമെന്ന് ബാപ്ദാദ നോക്കും. നമ്പര് വണ് വി.ഐ.പി. എവിടെ നിന്നാണ് വരുന്നത്? (അമേരിക്കയില് നിന്ന്) ബാബയുടെ കുട്ടികളായ നിങ്ങളാണ് വി.ഐ.പി. യും ഐ.പി.യും. നിങ്ങളെക്കാളും വലുത് ആരുമില്ല, എന്നാല് ഈ ലോകത്തിലെ വി.ഐ.പി. കളുണ്ട്, ആ ആത്മാക്കള്ക്ക് സന്ദേശം നല്കാനുള്ള അവസരമാണിത്. ഇവരുടെ ഭാഗ്യമുണ്ടാക്കാന് ഈ പുരുഷാര്ത്ഥം ചെയ്യേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാല് അവര് സ്വയത്തെ ഈ പഴയ ലോകത്തിലെ വലിയവരെന്ന് വിചാരിക്കുന്നുണ്ടല്ലോ. അതിനാല് കൊച്ചു-കൊച്ചു പ്രോഗ്രാമുകള്ക്ക് വരുന്നത് അവരുടെ നിലയ്ക്ക് പോരായെന്ന് വിചാരിക്കുന്നു, അതിനാല് വലിയ പ്രോഗ്രാമുകള്ക്ക് വലിയവരെ വിളിക്കാനുള്ള അവസരമുണ്ട്. ബാപ്ദാദ കുട്ടികളുമായി മാത്രമേ മിലനം നടത്തൂ, സംസാരിക്കൂ. വിശേഷമായി വരുന്നതും കുട്ടികള്ക്കു വേണ്ടിയാണ്. എന്നാലും അങ്ങനെയുള്ള ആത്മാക്കളുടെ പരാതിയും അവശേഷിക്കരുത്, ് ഞങ്ങള്ക്ക് യോഗ്യമായ ക്ഷണം ലഭിച്ചില്ല, ആ പരാതികള് ഇല്ലാതാക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെയുള്ള പ്രോഗ്രാമുകളെല്ലാം ചെയ്യുന്നത്. ബാപ്ദാദയ്ക്ക് കുട്ടികളോട് ഇഷ്ടമാണ്, കുട്ടികള്ക്ക് ബാപ്ദാദയോടും ഇഷ്ടമാണ്. ശരി.

എല്ലാ ഡബിള് വിദേശികളും ശരീരം കൊണ്ടും മനസ്സു കൊണ്ടും സന്തുഷ്ടമാണോ? ആര്ക്കും സ്വല്പം പോലും യാതൊരു ചിന്തകളുമില്ലല്ലോ? മനസ്സിനോ ശരീരത്തിനോ എന്തെങ്കിലും പ്രശ്നമുണ്ടോ? ശരീരത്തിന് രോഗമുണ്ടെങ്കിലും ശരീരത്തിന്റെ രോഗം കൊണ്ട് മനസ്സ് അസ്വസ്ഥമാകരുത്. സദാ സന്തോഷത്തില് ഡാന്സ് കളിക്കുമെങ്കില് ശരീരവും ശരിയാകും. മനസ്സിന്റെ സന്തോഷം കൊണ്ട് ശരീരത്തേയും നടത്തിക്കുമെങ്കില് രണ്ട് വ്യായാമവുമാകും. സന്തോഷമാണ് ആശീര്വാദം വ്യായാമമാണ് മരുന്ന്. അപ്പോള് ആശീര്വാദവും മരുന്നും, രണ്ടും കൊണ്ട് സഹജമായി മാറും. (രാത്രി ഉറക്കം വരുന്നില്ലെന്ന് ഒരു കുട്ടി പറഞ്ഞു) ഉറങ്ങുന്നതിന് മുമ്പ് യോഗത്തില് ഇരിക്കുമെങ്കില് ഉറക്കം വരും. യോഗത്തില് ഇരിക്കുന്ന സമയത്ത് ബാപ്ദാദയുടെ ഗുണങ്ങളുടെ പാട്ട് പാടൂ. അപ്പോള് സന്തോഷത്തില് വേദന പോലും മറക്കും. സന്തോഷമില്ലാതെ കേവലം ഞാന് ആത്മാവാകുന്നു, ഞാന് ആത്മാവാകുന്നു എന്ന് പ്രയത്നിക്കുന്നു, ഈ കഷ്ടപ്പാട് കാരണം വേദനയും അനുഭവപ്പെടുന്നു. സന്തോഷത്തില് കഴിയുമെങ്കില് വേദന പോലും മറക്കും.

ഏതെങ്കിലും കാര്യത്തില് ആര്ക്കെങ്കിലും എന്തെങ്കിലും ചോദ്യങ്ങളോ, അഥവാ ചെറിയ കാര്യങ്ങളില് പെട്ടെന്ന് ചിന്താക്കുഴപ്പത്തില് വരികയോ ചെയ്താല്, ആ ചെറിയ-ചെറിയ കാര്യങ്ങള് പെട്ടെന്ന് സ്പഷ്ടീകരിച്ച് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കണം. കൂടുതല് ചിന്തിക്കുന്ന ശീലമുണ്ടാകരുത്. എന്തെങ്കിലും ചിന്ത വന്നാല് അതിനെ അവിടെ തന്നെ ഇല്ലാതാക്കണം. ഒരു ചിന്തക്ക് പുറകെ അനേക ചിന്തകള് വരുന്നതിലൂടെ സ്ഥിതിയിലും ശരീരത്തിലും രണ്ടിലും അതിന്റെ പ്രഭാവമുണ്ടാകും, അതിനാല്

ഡബിള് വിദേശികളായ കുട്ടികള് ചിന്തയുടെ കാര്യത്തില് ഡബിള് ശ്രദ്ധ നല്കണം, എന്തുകൊണ്ടെന്നാല് ഒറ്റക്കിരുന്ന് ചിന്തിക്കുന്ന ശീലമായി പോയി. ശീലമുള്ളതിനാല് ഇവിടെയും ചെറിയ-ചെറിയ കാര്യങ്ങളില് കൂടുതല് ചിന്തിക്കുന്നു. ചിന്തിക്കുന്നതില് സമയം പാഴായി പോകുന്നു, സന്തോഷം മായുന്നു, പിന്നെ ശരീരത്തില് അതിന്റെ പ്രഭാവമുണ്ടാകുന്നു, പിന്നെ അതിന്റെ പേരില് ചിന്തിക്കുന്നു. അതിനാല് ശരീരവും മനസ്സും സദാ സന്തോഷമായിരിക്കുന്നതിന് കുറച്ച് ചിന്തിക്കൂ. അഥവാ ചിന്തിക്കണമെന്നുണ്ടെങ്കില് ജ്ഞാനരത്നങ്ങളെക്കുറിച്ച് ചിന്തിക്കൂ. വ്യര്ത്ഥസങ്കല്പവുമായി തട്ടിച്ച് നോക്കുമ്പോള് ഓരോ കാര്യത്തിലും സമര്ത്ഥ സങ്കല്പവുമുണ്ടായിരിക്കും. തന്റെ സ്ഥിതിയെക്കുറിച്ച് അല്ലെങ്കില് യോഗത്തെക്കുറിച്ച് എന്റെ പാര്ട്ടില് ഇത്രയും കാണപ്പെടുന്നില്ല, യോഗം ശരിയാകുന്നില്ല, അശരീരിയാകുന്നില്ല തുടങ്ങിയ ആവശ്യമില്ലാത്ത സങ്കല്പങ്ങള് നടക്കുന്നുവെന്ന് വിചാരിക്കൂ. ഇതാണ് വ്യര്ത്ഥസങ്കല്പം. ഇതിന് പകരം സമര്ത്ഥ സങ്കല്പം ചെയ്യൂ, ഓര്മ്മിക്കേണ്ടത് എന്റെ സ്വധര്മ്മമാണ്, അച്ഛനെ ഓര്മ്മിക്കുകയെന്നത് കുട്ടിയുടെ ധര്മ്മമാണ്. എന്തുകൊണ്ട് നടക്കില്ല, തീര്ച്ചയായും നടക്കും, ഞാന് യോഗിയായില്ലെങ്കില് പിന്നെ ആര് യോഗിയാകും, ഞാന് തന്നെയാണ് കല്പ-കല്പങ്ങളിലെ സഹയോഗി. വ്യര്ത്ഥത്തിന് പകരം ഇപ്രകാരത്തിലുള്ള സമര്ത്ഥസങ്കല്പങ്ങള് രചിക്കൂ. എന്റെ ശരീരം കൊണ്ട് ഒന്നും പറ്റുന്നില്ല- വ്യര്ത്ഥസങ്കല്പം നടത്താതിരിക്കൂ. ഇതിന് പകരം സമര്ത്ഥ സങ്കല്പമിതാണ്, ഈ അന്തിമജന്മത്തിലും ബാബ നമ്മളെ സ്വന്തമാക്കി. അത്ഭുതം, ഈ അന്തിമശരീരത്തിന്റെ ബലിയുടെ മഹത്വം. ഈ പഴയ ശരീരത്തിലൂടെയാണ് ജന്മ-ജന്മങ്ങളിലെ സമ്പത്തെടുക്കുന്നത്. നിരാശയുടെ സങ്കല്പങ്ങള് നടത്താതിരിക്കൂ, പകരം സന്തോഷത്തിന്റെ സങ്കല്പങ്ങള് ചെയ്യൂ. ആഹാ, എന്റെ പഴയ ശരീരം, ഇത് ബാബയുമായുള്ള മിലനത്തിന് നിമിത്തമായി. ആഹാ, ആഹാ എന്ന് പറഞ്ഞ് നടത്തിക്കൂ. കുതിരയെ സ്നേഹത്തോടെ, കൈ കൊണ്ട് നടത്തിക്കുമെങ്കില് കുതിര നന്നായി നടക്കും. അഥവാ കുതിരയെ അടിക്കടി ചാട്ടവാറിനടിച്ചാല് ഒന്നുകൂടി കഷ്ടപ്പെടുത്തും. ഈ ശരീരം നിങ്ങളുടേതാണ്, ഇത് പഴയതാണ്, ഒന്നിനും കൊള്ളാത്താണ് എന്ന് അടിക്കടി ഇതിനോട് പറയരുത്. ഇങ്ങനെ പറയുന്നത് ചാട്ടക്കടിക്കുന്നതിന് തുല്യമാണ്. സസന്തോഷം ഇതിന്റെ ബലിയെക്കുറിച്ച് പാടി മുന്നോട്ട് നടത്തിക്കണം. പിന്നെ ഈ പഴയ ശരീരം ഒരിക്കലും കഷ്ടപ്പെടുത്തില്ല. വളരെ സഹയോഗം നല്കും. (ആരോ പറഞ്ഞു, വാഗ്ദാനം ചെയ്തിട്ടാണ് പോകുന്നത്, എന്നിട്ടും മായ വരുന്നു)

മായയോട് എന്തിനാണ് പേടിക്കുന്നത്? മായ വരുന്നത് നിങ്ങളെ പാഠങ്ങള് പഠിപ്പിക്കാനാണ്. പരിഭ്രമിക്കാതിരിക്കൂ. പാഠം പഠിക്കൂ. ചിലപ്പോള് സഹനശീലതയുടെ പാഠം, ചിലപ്പോള് ഏകരസസ്ഥിതിയില് കഴിയുന്നതിനുള്ള പാഠം പഠിപ്പിക്കുന്നു. ചിലപ്പോള് ശാന്തസ്വരൂപമാകുന്നതിനുള്ള പാഠം ഉറപ്പിക്കുന്നതിന് വരുന്നു. അതിനാല് മായയെ മായ വന്നു എന്ന രൂപത്തില് നോക്കാതിരിക്കൂ, പരിഭ്രമിക്കാതിരിക്കൂ. പകരം ഇങ്ങനെ മനസ്സിലാക്കണം, മായയും നമ്മുടെ സഹയോഗിയായി മാറി, ബാബയില് നിന്ന് പഠിച്ച പാഠം ഉറപ്പിക്കുന്നതിനു വേണ്ടി വന്നതാണ്. മായയെ സഹയോഗിയുടെ രൂപത്തില് മനസ്സിലാക്കൂ. ശത്രുവല്ല, പാഠം ഉറപ്പിക്കുന്നതിനുള്ള സഹയോഗിയാണ്. അപ്പോള് നിങ്ങളുടെ ശ്രദ്ധ മുഴുവന് ആ കാര്യത്തിലേയ്ക്ക് പോകും. പിന്നെ പരിഭ്രമിക്കില്ല, പരാജയപ്പെടില്ല. പാഠം ഉറപ്പിച്ച് അംഗദ സമാനമാകും. അതിനാല് മായയോട് പേടിക്കാതിരിക്കു. കൊച്ചുകുട്ടികളെ പേടിപ്പിക്കാന് വേണ്ടി മാക്കാന് വരുമെന്ന് അച്ഛനുമമ്മയും പറയുന്നതുപോലെ, നിങ്ങളെല്ലാവരും മായയെ മാക്കാനാക്കിയിരിക്കുകയാണ്. മായക്ക് സ്വയം നിങ്ങളുടെയടുത്ത് വരാന് പേടിയുണ്ട്. എന്നാല് നിങ്ങള് സ്വയം ദുര്ബ്ബലരായി മായയെ ആഹ്വാനം ചെയ്യുകയാണ്. അല്ലെങ്കില് അത് വരില്ല. അത് വിട പറയാന് നില്ക്കുകയാണ്. ഞങ്ങളുടെ അവസാന തീയ്യതി ഏതാണ് എന്ന് അതും കാത്തിരിക്കുകയാണ്. ഇപ്പോള് മായയോട് വിട പറയുമോ, അതോ പരിഭ്രമിക്കുമോ.

ഡബിള് വിദേശികളുടെ ഒരു വിശേഷതയാണ്- പറക്കുന്നത് വളരെ വേഗത്തിലാണ്, പിന്നെ പേടിക്കുമ്പോള് ചെറിയ ഈച്ചയെ പോലും പേടിക്കുന്നു. ഒരു ദിവസം വളരെ സന്തോഷത്തില് ഡാന്സ് കളിക്കും, അടുത്ത ദിവസം പിന്നെ മുഖം മാറും. ഈ സ്വഭാവത്തെ പരിവര്ത്തനപ്പെടുത്തൂ. ഇതിന്റെ കാരണമെന്താണ്? ഈ എല്ലാ കാരണങ്ങളുടെയും അടിസ്ഥാനമിതാണ്- സഹനശക്തിയുടെ കുറവ്. സഹിക്കാനുള്ള സംസ്കാരം തുടക്കത്തിലേയില്ല, അതിനാല് പെട്ടെന്ന് പരിഭ്രമിക്കുന്നു. സ്ഥാനം മാറും, അല്ലെങ്കില് ആരില് നിന്നാണോ ബുദ്ധിമുട്ടുണ്ടാകുന്നത് അവരെ മാറ്റും. സ്വയത്തെ മാറ്റില്ല. ഈ സംസ്കാരം പരിവര്ത്തനപ്പെടണം. എനിക്ക് എന്നെ മാറ്റണം. സ്ഥാനത്തെയോ മറ്റുള്ളവരെയോ മാറ്റണ്ട, പകരം സ്വയത്തെ മാറ്റണം. ഇത് കൂടുതല് സ്മൃതിയില് വയ്ക്കണം. മനസ്സിലായോ? ഇപ്പോള് വിദേശിയില് നിന്ന് സ്വദേശി സംസ്കാരമുണ്ടാക്കൂ. സഹനശീലതയുടെ അവതാരമായി മാറൂ. ഇതിനെയാണ് നിങ്ങള് പറയുന്നത്, സ്വയം അഡ്ജസ്റ്റ് (മറവൌഷേ) ചെയ്യണം. അതിനാല് അകന്നു പോകരുത്, വിട്ടു പോകരുത്.

ഹംസത്തിന്റെയും കൊക്കിന്റെയും കാര്യം വേറെയാണ്. അവര് തമ്മില് പരസ്പരം ഉരസലുണ്ടാകും. അതും സാധിക്കുന്നിടത്തോളം അവരെ പ്രതി ശുഭഭാവനയിലൂടെ ശ്രമിച്ചു നോക്കേണ്ടത് നിങ്ങളുടെ കടമയാണ്. തികച്ചും എതിരായിരുന്നവര് പോലും ശുഭഭാവനയിലൂടെ നിമിത്തമായവരേക്കാള് മുന്നോട്ടു പോയ ഉദാഹരണങ്ങളുണ്ട്. അതിനാല് പൂര്ണ്ണശക്തിയോടെ ശുഭഭാവന പരീക്ഷിച്ചു നോക്കണം. എന്നിട്ടും ശരിയാകുന്നില്ലെങ്കില് നിര്ദ്ദേശമെടുത്ത് ചുവട് വയ്ക്കണം, എന്തുകൊണ്ടെന്നാല് പല പ്രാവശ്യം

അങ്ങനെ അകന്നു പോകുന്നുതിലൂടെ ഡിസ് സര്വ്വീസാകും. പലപ്പോഴും വരുന്ന ബ്രാഹ്മണാത്മാക്കളുടെ കുറവു കാരണം മറ്റ് ആത്മാക്കള് ഭാഗ്യമെടുക്കുന്നതില് നിന്ന് വഞ്ചിക്കപ്പെടുന്ന സംഭവമുണ്ട്. അതിനാല് ആദ്യം സ്വയം ശ്രമിക്കൂ, എന്നിട്ടും ഇത് വലിയ പ്രശ്നമാണെന്ന് തോന്നുന്നുവെങ്കില് നിമിത്തമായിരിക്കുന്ന ആത്മാക്കളെ കൊണ്ട് പരിശോധിപ്പിക്കൂ. വേറെയാകുന്നതാണ് നല്ലതെന്ന് അവരും വിചാരിക്കുകയാണെങ്കില് പിന്നെ വേറെയാകൂ, നിങ്ങളില് ഉത്തരവാദിത്വമുണ്ടാകില്ല. നിങ്ങള് നിര്ദ്ദേശമനുസരിച്ച് നടക്കൂ. പിന്നെ നിങ്ങള് നിശ്ചിന്തരാണ്. പലപ്പോഴും ഇങ്ങനെ സംഭവിക്കാറുണ്ട്- ആവേശത്തില് ഉപേക്ഷിക്കും, എന്നാല് തന്റെ കുറ്റമായതു കാരണം ഉപേക്ഷിച്ചതിനു ശേഷം ആ ആത്മാവ് വലിച്ചു കൊണ്ടിരിക്കും. ബുദ്ധി പൊയ്ക്കൊണ്ടിരിക്കും, ഇതും വലിയ വിഘ്നമായി മാറും. ദേഹം കൊണ്ട് അകന്നു, എന്നാല് മനസ്സിന്റെ കണക്കുകള് ഉള്ളതു കാരണം വലിച്ചു കൊണ്ടിരിക്കും, അതിനാല് നിമിത്തമായിരിക്കുന്ന ആത്മാക്കളോട് പരിശോധിപ്പിക്കണം, എന്തുകൊണ്ടെന്നാല് ഇത് കര്മ്മത്തിന്റെ തത്വചിന്തയാണ്. ബലമായി വിടുവിക്കുന്നതിലൂടെയും മനസ്സ് അടിക്കടി പൊയ്ക്കൊണ്ടിരിക്കും. കര്മ്മത്തിരന്റെ തത്വചിന്ത ജ്ഞാനസ്വരൂപരായി തിരിച്ചറിയൂ, കൂടാതെ പരിശോധിപ്പിക്കൂ. എന്നിട്ട് കര്മ്മബന്ധനത്തെ യുക്തമായി ഇല്ലാതാക്കൂ.

ബാക്കി ബ്രാഹ്മണാത്മാക്കളില് തരക്കാരായതു കൊണ്ട് അസൂയ ഉണ്ടാകും, അസൂയ കാരണം ഉരസലുണ്ടാകും. എന്നാല് വിശേഷമായി ഈ കാര്യം ചിന്തിക്കൂ, അവരെ നിമിത്തമാക്കിയിരിക്കുന്നത് ആരാണ്? ഇന്നയാള് ഈ ഡ്യൂട്ടിക്ക് വന്നിരിക്കുന്നു, ഇന്നയാള് ടീച്ചറായി മാറി, നമ്പര്വണ് സര്വ്വീസബിള് ആയി മാറി- അവരെ നോക്കാതിരിക്കൂ. എന്നാല് ഇങ്ങനെ ചിന്തിക്കൂ, ആ ആത്മാവിനെ നിമിത്തമാക്കിയത് ആരാണ്? നിമിത്തമാക്കപ്പെട്ട വിശേഷ ആത്മാവിലൂടെയായിരിക്കും അവര്ക്ക് ആ ഡ്യൂട്ടി ലഭിച്ചത്, എന്നാലും നിമിത്തമായ ടീച്ചറിനെ നിമിത്തമാക്കിയത് ആരാണ്? ഇതില് ബാബ എപ്പോള് ഇടക്ക് വരുന്നു, അപ്പോള് മായ ഓടിപ്പോകും, അസൂയ ഓടിപ്പോകും. ചൊല്ലുണ്ടല്ലോ- ഒന്നുകില് ബാബ, അല്ലെങ്കില് പാപം. ബാബയെ ഇടയില് നിന്ന് മാറ്റുമ്പോഴാണ് പാപം വരുന്നത്. അസൂയയും പാപകര്മ്മമാണല്ലോ. അഥവാ ബാബയാണ് നിമിത്തമാക്കിയതെന്ന് മനസ്സിലാക്കിയാല് ബാബ എന്ത് കാര്യം ചെയ്യുന്നു അതില് മംഗളമേയുള്ളൂ. അവരുടെ ചില അങ്ങനെയുള്ള കാര്യങ്ങള് നല്ലതായി തോന്നിയെന്നു വരില്ല, തെറ്റുമാകാം, എന്തുകൊണ്ടെന്നാല് എല്ലാവരും പുരുഷാര്ത്ഥികളാണ്. അഥവാ തെറ്റാണെങ്കില് തന്റെ ശുഭഭാവനയിലൂടെ മുകളിലുള്ളവരില് എത്തിക്കണം. അസൂയക്ക് വശപ്പെട്ടായിരിക്കരുത്. പകരം ബാബയുടെ സേവനം നമ്മുടെ സേവനമാണ് എന്ന ശുഭഭാവനയിലൂടെ, ശ്രേഷ്ഠ ഉത്തരവാദിത്വത്തിലൂടെ മുകളില് കാര്യം പറയണം. മുകളിലേയ്ക്ക് കൊടുത്തതിനു ശേഷം സ്വയം നിശ്ചിന്തമായി മാറൂ. ഈ കാര്യം പറഞ്ഞിട്ട് എന്തായി എന്ന് പിന്നീട് ചിന്തിക്കരുത്. ഒന്നും നടന്നില്ല- നടന്നോ ഇല്ലയോ, ആ ഉത്തരവാദിത്വം മുതിര്ന്നവരുടേതാണ്. നിങ്ങള് ശുഭഭാവയോടെ നല്കി, നിങ്ങളുടെ ജോലിയാണ് നിങ്ങളെ കാലിയാക്കുക. മുതിര്ന്നവരുടെ ചിന്തയില് ഈ കാര്യം വന്നിട്ടില്ലായെന്ന് കാണുകയാണെങ്കില് വീണ്ടും എഴുതൂ. എന്നാല് സേവാഭാവത്തിലൂടെ. അഥവാ നിമിത്തമായവര് ഈ കാര്യം വിട്ടുകളയാന് പറഞ്ഞാല് തന്റെ സമയവും സങ്കല്പവും വ്യര്ത്ഥമാക്കരുത്. അസൂയ പാടില്ല. പകരം ആരുടെ കാര്യമാണ്, ആരാണ് നിമിത്തമാക്കിയത്, അത് ഓര്മ്മിക്കൂ. ഏത് വിശേഷത കാരണമാണ് അവരെ വിശേഷമാക്കിയത്, ആ വിശേഷത തന്നില് ധാരണ ചെയ്യുമെങ്കില് പന്തയമുണ്ടാകും, ഉരസലുണ്ടാകില്ല. മനസ്സിലായോ.

ഒരിക്കലും നിരാശരാകരുത്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാല് നിങ്ങള് ഏത് ഭാവത്തിലാണ് പറഞ്ഞതെന്ന് അവരോട് തന്നെ ചോദിക്കണം. അഥവാ അവര് സ്പഷ്ടമാക്കുന്നില്ലെങ്കില് ഇതില് എന്റെ തെറ്റെന്താണെന്ന് നിമിത്തമായവരോട് ചോദിക്കണം. മുകളില് നിന്ന് പരിശോധിച്ചിട്ട് നിങ്ങളുടെ തെറ്റല്ലെങ്കില് നിങ്ങള് നിശ്ചിന്തമാകൂ. ഒരു കാര്യം എല്ലാവരും മനസ്സിലാക്കണം, ബ്രാഹ്മണാത്മാക്കളിലൂടെ ഇവിടെ തന്നെ കര്മ്മക്കണക്കുകള് തീര്ക്കണം. ധര്മ്മരാജപുരിയില് നിന്ന് രക്ഷ നേടാനായി ബ്രാഹ്മണര് പലപ്പോഴും നിമിത്തമായി മാറും. അതിനാല് ഈ ബ്രാഹ്മണപരിവാരത്തിലെന്താണ് സംഭവിക്കുന്നതെന്നോര്ത്ത് പരിഭ്രമിക്കാതിരിക്കൂ. ബ്രാഹ്മണരുടെ കര്മ്മക്കണക്ക് ബ്രാഹ്മണരിലൂടെ തന്നെ തീരണം. അപ്പോള് ഇത് തീര്ന്നു കൊണ്ടിരിക്കുകയാണ്, ഈ സന്തോഷത്തില് കഴിയൂ. കര്മ്മക്കണക്കുകള് തീര്ന്നു, ഇനി ഉയര്ച്ച തന്നെ ഉയര്ച്ച. ഇപ്പോള് ഒരു പ്രതിജ്ഞയെടുക്കൂ, കൊച്ചു-കൊച്ചു കാര്യങ്ങളില് ചിന്താക്കുഴപ്പത്തില് വരില്ല, പ്രശ്നമായി മാറില്ല, എന്നാല് പ്രശ്നം പരിഹരിക്കുന്നവരായി മാറും. മനസ്സിലായോ.

വരദാനം :- - തന്റെ ശക്തികളിലൂടെയും ഗുണങ്ങളിലൂടെയും നിര്ബ്ബലരെ ശക്തിവാന്മാരാക്കുന്ന ശ്രേഷ്ഠദാനിയും സഹയോഗിയുമായി ഭവിക്കൂ:

ശ്രേഷ്ഠസ്ഥിതിയുള്ള സുപുത്രരായ കുട്ടികളുടെ സകല ശക്തികളും സകല ഗുണങ്ങളും സമയപ്രമാണം സഹയോഗികളായിരിക്കും. അവരുടെ സേവനത്തിന്റെ വിശേഷസ്വരൂപമാണ് ബാബയിലൂടെ പ്രാപ്തമായ ഗുണങ്ങളും ശക്തികളും അജ്ഞാനി ആത്മാക്കള്ക്ക് ദാനമായും ബ്രാഹ്മണാത്മാക്കള്ക്ക് സഹയോഗമായും നല്കുക. നിര്ബ്ബലരെ ബലവാനാക്കുക- ഇതാണ് ശ്രേഷ്ഠമായ ദാനം അല്ലെങ്കില് സഹയോഗം. വാക്കിലൂടെയും

മനസ്സിലൂടെയും സേവനം ചെയ്യുന്നതുപോലെ പ്രാപ്തമായ ഗുണങ്ങളുടെയും ശക്തികളുടെയും സഹയോഗം മറ്റ് ആത്മാക്കള്ക്കും നല്കൂ, പ്രാപ്തി ചെയ്യിപ്പിക്കൂ.

സ്ലോഗന് :- - ആരാണോ ദൃഢനിശ്ചയത്തിലൂടെ ഭാഗ്യത്തെ നിശ്ചിതമാക്കുന്നത് അവര് സദാ നിശ്ചിന്തരായിരിക്കും.